1. തിരുവനന്തപുരം :—കോവളം, പൂന്തുറ. പനത്തറക്കര, പുതുക്കുറിച്ചി, അഞ്ചുതെങ്ങ്, താഴംപള്ളി, പാപനാശം, കാപ്പിൽ.

2. കൊല്ലം :—വെള്ളാനതുരുത്ത്, പണിക്കരുകടവ്, ചവറ, ചെറിയഴീക്കൽ, ആലപ്പാട്, പല്ലന, എടവ, താന്നി, മരത്തടി.

3. ആലപ്പുഴ :—തോട്ടപ്പള്ളി, അമ്പലപ്പുഴ, പുന്നപ്ര, ആറാട്ടുപുഴ, തൃക്കുന്നപുഴ, ബ്രാക്കിക്കാട്, പെരുംപള്ളി, കള്ളിക്കാട്.

4. എറണാകുളം :—ചെല്ലാനം, കണ്ണമാലി, കണ്ടക്കോട്, വൈപ്പിൻ.

5. തൃശ്ശൂർ കടപ്പുറം പഞ്ചായത്തിലെ ചേറ്റുവ അഴി.

6. മലപ്പുറം :—പൊന്നാനി, കടലുണ്ടി നഗരം.

7. കോഴിക്കോട് :—വട്ടപറമ്പ്, ഏലത്തൂർ, കൊല്ലം ബീച്ച്, മടപ്പള്ളി, പുറംകര.

8. കണ്ണൂർ :—എട്ടിക്കുളം, പുതിയങ്ങാടി മാട്ടൂൽ, അഴിക്കൽ.

9. കാസർക്കോട് :—മഞ്ചേശ്വര, ബന്ദിക്ക, ചിറ്റാരി, ബേക്കൽ, കോട്ടിക്കുളം, പള്ളിക്കര, മാവില കടപ്പുറം.

(ബി) ഉണ്ട്.

(സി) (ഡി) കടലാക്രമണം മൂലം നഷ്ടപ്പെട്ട വീടുകളുടെ എണ്ണം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മുതലായ പ്രകൃതിക്ഷോഭങ്ങൾ മൂലം സംസ്ഥാനത്ത് മൊത്തം 2,70,326 വീടുകൾ പൂർണ്ണമായും 2,08,188 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ട്. കടലാക്രമണംമൂലം കടൽഭിത്തികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം 16 കോടി രൂപ എന്നാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്.

കടലാക്രമണം തടയുന്നതിന് കേന്ദ്രത്തിൽ നിന്ന് ധനസഹായം

1328. [1799] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85 സാമ്പത്തിക വർഷത്തിൽ കടലാക്രമണം തടയുന്നതിനു വേണ്ടി കേന്ദ്രത്തിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) 235.49 ലക്ഷം രൂ.

കൊടുങ്ങല്ലൂരിലെ കടൽഭിത്തി നിർമ്മാണം

1329. [1800] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് ഏതെല്ലാം വർക്കുകളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ബി) അവയ്ക്ക് ഓരോന്നിനും എത്ര സംഖ്യ വീതം ചെലവ് വരും ;

(സി) ഇവയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കും ;

(ഡി) ഏരിയാട് അനുവദിച്ച വർക്കിൽ ഇനി ടെണ്ടർ ചെയ്യാത്ത ഭാഗത്ത് ഉടനെ ടെണ്ടർ വെച്ച് വർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ഏരിയാട് വില്ലേജിൽ അരപ്പകഴിഞ്ഞ് കാരൂക്ക് തെക്കുവശം കെ. ഇ. ആർ. ഐ. ക്കും സി. പി. 3993 നും 4004 നും മദ്ധ്യേ 2000 മീറ്റർ നീളത്തിൽ കടൽ ഭിത്തി കെട്ടുക.

2. കൈപ്പാമംഗലം വില്ലേജിൽ ചാമാക്കാല കടൽ ഭിത്തിക്ക് തെക്ക് 1.5 മീറ്റർ നീളത്തിൽ കടൽ ഭിത്തി കെട്ടുക.

3. അഴിക്കോടിനും ഏറിയാടിനും മദ്ധ്യേ 2 കി. മീറ്റർ നീളം വരുന്ന ഭാഗം കടൽ ഭിത്തി കെട്ടുക.

4. പെരിഞ്ഞാനം പഞ്ചായത്തിൽ ഒരു കി. മീറ്റർ കടൽ ഭിത്തി കെട്ടുക.

5. പാപ്പിനിവട്ടം പഞ്ചായത്തിൽ ഒരു കുളിമുട്ടം ബീച്ചിൽ 1 കി. മീറ്റർ കടൽ ഭിത്തി കെട്ടുക.

6. ശ്രീ. നാരായണപുരം പഞ്ചായത്തിൽ ഇപ്പോഴം നിർമ്മിച്ചിട്ടുള്ള അഞ്ചങ്ങാടിയിൽ നിന്ന് വടക്കോട്ട് കടൽ ഭിത്തി കെട്ടുക.

7. കൈപ്പമംഗലത്ത് 2000 കി. മീറ്റർ നീളത്തിൽ സി. പി. സ്റ്റോൺ 3935 മുതൽ കടൽഭിത്തി കെട്ടുക.

മേൽ പറഞ്ഞ വർക്കുകളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ബി) യഥാക്രമം 1,21,60,000 രൂപ, 60,00,000 രൂപ, 80,00,000 രൂപ, 40,00,000 രൂപ, 40,00,000 രൂപ, 40,00,000 രൂപ, 100,00,000 രൂപ ചെലവ് വരും.

(സി) 1985 നു ശേഷം ആരംഭിക്കും.

(ഡി) ഉടനെതന്നെ ടെൻഡർ ചെയ്യുന്നതാണ്.

തൃപ്പൂണിത്തുറയിലെ വാട്ടർ ടാങ്കിന്റെ പണി

1330. [1802] ശ്രീ. കെ. ജി. ആർ. കർത്ത : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറയിൽ ആരംഭിച്ചിരിക്കുന്ന പി. എച്ച്. ഇ. ഡി. യിൽ വാട്ടർ ടാങ്കിന്റെ പണി ഇപ്പോഴം നിർത്തിവയ്ക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ബി) അതിന്റെ പണി ഉടനെ പുനരാരംഭിച്ച് ആറുമാസത്തിനകം തീർക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) തൃപ്പൂണിത്തുറ ജലസേചനത്തിനായുള്ള പി. എച്ച്. ഇ. ഡി. യുടെ വാട്ടർ ടാങ്ക് നിർമ്മിക്കുവാൻ നേരത്തെ നിശ്ചയിച്ചിരുന്ന സ്ഥലം കേരളാ പോലീസ് വകുപ്പ് വിട്ടു തരുവാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചതിനാൽ, മുനിസിപ്പാലിറ്റി വക സ്ഥലം വിട്ടുതരുകയും, തത്ഫലമായി ടാങ്കിന്റെ ഫൗണ്ടേഷന്റെ ഡിസൈൻ മാറേണ്ടി വരുകയും ചെയ്തു. അതു കൊണ്ട് കുറച്ചുകാലതാമസം വരികയും നീട്ടികൊടുത്ത കാലാവധി 15-4-1985-ന് തീരുകയാൽ കരാറു കമ്പനി പണി നിർത്തി വയ്ക്കുകയുമുണ്ടായി. പണികൾ പുനരാരംഭിക്കുന്നതിലേക്കായി കോൺട്രാക്ടറേറ്റിൽ 30 % അധികം വേണമെന്ന് കമ്പനി ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിൻമേൽ ഒരു തീരുമാനമെടുത്ത പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ താമസംവിനാ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly